"ഭരണഭാഷ- മാതൃഭാഷ"



**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ല - എരുത്തേമ്പതി ഗ്രാമപഞ്ചായത്ത് - 2003-04 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(2) പ്രകാരം ഓഡിറ്റിൽ തടസ്സപ്പെടുത്തിയ ചിലവിനു സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്**

സ.ഉ.(സാധാ) നം.2932/2022/LSGD തീയതി,തിരുവനന്തപുരം, 26-11-2022

---

പരാമർശം:-
1. പഞ്ചായത്ത് ഡയറക്ടറുടെ 20.07.2022 ലെ PAN/10210/2022-M3(DP) നമ്പർ കത്ത്.
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 23.09.2022 ലെ ഡി.കെ.എസ്.എ./2799/പി.റ്റി.2/2022 നമ്പർ കത്ത്

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ എരുത്തേമ്പതി ഗ്രമാപഞ്ചായത്ത്, 2003/04 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(2) പ്രകാരം 62,354/- രൂപ തടസ്സപ്പെടുത്തിയിരുന്നു. മാർഗ്ഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായി കുഴൽ കിണർ അറ്റകുറ്റപണികൾക്കായി തുക ചെലവഴിച്ചതിനാലാണ് ഓഡിറ്റിൽ തുക തടസ്സപ്പെടുത്തിയിട്ടുള്ളത്.

2. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ കുഴൽ കിണർ നന്നാക്കിയില്ലെങ്കിൽ കടുത്ത കുടിവെള്ള ക്ഷാമം നേരിടേണ്ടി വരുമെന്നതിനാൽ അടിയന്തരമായി ജനങ്ങൾക്ക് കുടി വെള്ളമെത്തിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായാണ് തുക ചെലവഴിച്ചതെന്നും ഇതുമൂലം കുടി വെള്ള ദൗർലഭ്യം ഒരു പരിധിവരെ തടയുന്നതിന് സാധിച്ചിട്ടുണ്ടെന്നുള്ള കാരണത്താൽ പ്രസ്തുത തടസ്സപ്പെടുത്തലിന്റെ സാധൂകരണത്തിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ടെന്നും, ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി ശുപാർശ, പഞ്ചായത്ത് കമ്മിറ്റി തീരുമാനം, ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ് എന്നിവ സഹിതം അനുകൂല ശുപാർശയോടെ പഞ്ചായത്ത് ഡയറക്ടർ പരാമർശം (1 ) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട് .

3. പാലക്കാട് ജില്ലയുടെ കിഴക്കേ അറ്റത്തുള്ള ടി പഞ്ചായത്ത് വരൾച്ച ബാധിത പ്രദേശമാണെന്നും കടുത്ത കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനാണ് പ്രസ്തുത ചെലവ് നിർവ്വഹിക്കേണ്ടി വന്നതെന്നും, ഈ പ്രവർത്തികളിലൂടെ കുടിവെള്ളക്ഷാമത്തിന് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ടെന്നും പഞ്ചായത്ത് വിശദീകരണം നൽകിയിട്ടുണ്ട്. കുടിവെള്ളക്ഷാമം എന്ന പ്രതിസന്ധി പരിഹരിക്കുന്നതിനുവേണ്ടി പഞ്ചായത്തിന് തുക ചെലവഴിക്കേണ്ടിവന്ന പ്രത്യേക സാഹചര്യം പരിഗണിച്ചും, ചെലവിന് പ്രത്യേക സാധൂകരണം ലഭ്യമാക്കണമെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ളതിനാലും പഞ്ചായത്ത് കമ്മിറ്റി യുടെ 30.12.2015 ലെ 18(1) -ാം നമ്പർ തീരുമാനം പരിഗണിച്ചും പ്രസ്തുത ചെലവിന് സർക്കാരിന്

സാധൂകരണം നൽകുന്നതിനോ കുറ്റം മാപ്പാക്കുന്നതിനോ യുക്തമായ തീരുമാനിക്കാവുന്നതാണെന്നു ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ മേൽ വസ്തുതകൾ വിശദമായി പരിശോധിച്ചു.. എരുത്തേമ്പതി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ, ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാനം, പാലക്കാട് ജില്ലാ തല ഓഡിറ്റ് മോണിറ്ററിങ് സമിതിയുടെ ശിപാർശ, പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല ശിപാർശ, സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ ശിപാർശ എന്നിവ പരിഗണിച്ചും, കുടിവെള്ളക്ഷാമം എന്ന പ്രതിസന്ധി പരിഹരിക്കുന്നതിനുവേണ്ടി പഞ്ചായത്തിന് തുക ചെലവഴിക്കേണ്ടിവന്ന പ്രത്യേക സാഹചര്യം പരിഗണിച്ചും, ചെലവിന് പ്രത്യേക സാധൂകരണം ലഭ്യമാക്കണമെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ളതിനാലും പാലക്കാട് ജില്ലയിലെ എരുത്തേമ്പതി ഗ്രമാപഞ്ചായത്തിലെ 2003/04 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(2) പ്രകാരം ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയ 62,354/- രൂപയുടെ (അറുപത്തിരണ്ടായിരത്തി മുന്നൂറ്റി അൻപത്തിനാല് രൂപ മാത്രം) ചിലവിനു സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റീജ ജസ്റ്റസ്
ഡെപ്യൂട്ടിസെക്രട്ടറി

ഡയറക്ടർ, കേരളം സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ് (റൂറൽ), തിരുവനന്തപുരം
ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഡിറ്റ് വകുപ്പ്, പാലക്കാട്.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
സെക്രട്ടറി, എരുത്തേമ്പതി ഗ്രാമ പഞ്ചായത്ത്, പാലക്കാട്.
അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ